ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രശ്നത്തിന്റെ ഗൗരവാവസ്ഥ കണക്കിലെടുത്തുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 13.12.99-ന് മുഖ്യമന്ത്രി ഉത്തരം പറയേണ്ടുന്ന 13 നക്ഷത്രചിഹ്നമിട്ടതും, 113 നക്ഷത്രചിഹ്നമിടാത്തതുമായ ചോദ്യങ്ങളാണ് ആകെ ഉണ്ടായിരുന്നത്. ഇവയിൽ 113 എണ്ണത്തിന് സമ്പൂർണ്ണ ഉത്തരങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ 13 ചോദ്യങ്ങൾക്ക് വിവരം ശേഖരിച്ചുവരുന്നു എന്നാണ് ഉത്തരം നൽകിയിട്ടുള്ളത്. 113-നും വിവരം നൽകി, 13-ന് വിവരം ശേഖരിച്ചു വരുന്നു എന്നു പറഞ്ഞു. ഇത്രയുമേയുള്ളൂ. അത് മുഴുവൻ ശരിയാണെന്ന് ഞാൻ പറയുന്നില്ല. വിശദവിവരം ശേഖരിച്ചു നൽകേണ്ടുന്ന ചോദ്യങ്ങൾക്ക് ഇടക്കാല ഉത്തരവ് നൽകി പൂർണ്ണവിവരം ശേഖരിച്ചശേഷം മറുപടി നൽകുകയാണ് നിലവിലുള്ള കീഴ്വഴക്കം. അത് പൂർണ്ണമായും ഒഴിവാക്കുക എല്ലായ്പ്പോഴും എളുപ്പമായിരിക്കുകയില്ല. പരമാവധി ചോദ്യങ്ങളുടെ ഉത്തരം നിശ്ചിത സമയത്തിനകം തന്നെ നൽകി എല്ലാ ചോദ്യങ്ങൾക്കും അതേ ദിവസംതന്നെ പൂർണ്ണമായ ഉത്തരം നൽകുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തി. എന്നാൽ ചോദ്യങ്ങളിൽ ശേഖരിക്കേണ്ടിവരുന്ന വിവരങ്ങളുടെ ലഭ്യത കണക്കിലെടുത്തുമാത്രമേ ഇക്കാര്യം ഉറപ്പിക്കുവാൻ കഴിയുകയുള്ളൂ. നിയമസഭയിൽ നൽകുന്ന മറുപടിയുടെ വസ്തുനിഷ്ഠവും, പൂർണ്ണവുമായ വിവരങ്ങൾഉൾക്കൊള്ളുന്നതായിരിക്കണം എന്ന ഉത്തമതാൽപ്പര്യമാണ് ഇക്കാര്യത്തിലുള്ളത്, അതിനായി പരമാവധി ശ്രമം നടത്തുകയാണ്. ഉദാഹരണം, എത്ര പേരെ റിലീസ് ചെയ്തു. അതിന്റെ കണക്ക്, ഇത്ര പേരെ റിലീസ് ചെയ്തിട്ടുണ്ട്. കേസ് പിൻവലിച്ചിട്ടുണ്ട്. അതിന്റെ കണക്ക് ഇന്നലെ ഞാൻ എടുത്തുവച്ചിട്ടുണ്ട്. അത് ഞാൻ ഇതിൽ കൊടുത്തിട്ടില്ല. കൊടുക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതുമുഴുവൻ ഇന്നലെ കിട്ടി. 13 എണ്ണത്തിന്റെ ബാക്കിയുണ്ട്. പരമാവധി ശ്രമം നടത്തി വേണ്ടത്ര ശേഖരിച്ച് കൃത്യസമയത്ത് നൽകാൻ നടപടി കൈക്കൊള്ളുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, സിംഗിൾ ബഞ്ചിന്റെ ജഡ്ജ്മെന്റിന്റെ കോപ്പി കിട്ടാതെയാണോ ഡിവിഷൻ ബഞ്ചിന് ഈ ഗവണ്മെന്റ് അപ്പീൽ കൊടുത്തത്. 13-ാം തീയതി ചോദിച്ച ചോദ്യത്തിന് ഹൈക്കോടതി വിധിപകർപ്പ് കിട്ടിയില്ല എന്നുപറഞ്ഞ് 14-ാം തീയതി ഡിവിഷൻ ബഞ്ചിന് ഈ ഗവണ്മെന്റ് അപ്പീൽ കൊടുത്തപ്പോൾ ബോധപൂർവ്വം അംഗങ്ങളുടെ ചോദ്യങ്ങൾക്ക് സത്യം മറച്ചുവയ്ക്കുന്നതിനുവേണ്ടി ഈ സഭയിൽ ഗവണ്മെന്റ് ഒരു ശ്രമം നടത്തുകയും, നിയമസഭാ രേഖകളിൽകൂടി അസത്യം പറയുകയും ചെയ്തു. അതിനെക്കുറിച്ച് അങ്ങയുടെ കമന്റ് വേണം.

V. റൂളിംഗ്

ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം നല്കേണ്ടതിന്റെ ആവശ്യകത

മി. സ്പീക്കർ : ശ്രീ. കെ.സി. വേണുഗോപാലിന്റെ നോട്ടീസ് ചെയറിന് ലഭിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തു. അദ്ദേഹം അത് സവിസ്തരം പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ മറുപടിയുടെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുകയല്ല. ചോദ്യങ്ങൾക്കുള്ള മറുപടി കൃത്യസമയത്ത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതിലെ വീഴ്ചകളെ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ഞാൻ പറയുന്നത്. മുഖ്യമന്ത്രിയുടെ മറുപടി ചെയർ മുഖവിലയ്ക്കുതന്നെ എടുക്കുന്നു. ഭാവിയിൽ കൃത്യസമയത്തുതന്നെ മറുപടി ഉണ്ടാകുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. ചോദ്യങ്ങൾ ചോദിക്കുന്നതിന് ചില നിയന്ത്രണങ്ങളും ക്രമീകരണങ്ങളും നാം ഈ സഭയിൽ വരുത്തുകയുണ്ടായി. പ്രധാനമായും രണ്ടു കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കുവേണ്ടിയാണ് ഈ പരിഷ്ക്കാരങ്ങൾ വരുത്തിയത്. ഒന്ന്, ചോദ്യങ്ങളുടെ ഗുണനിലവാരം ഉയർത്തുക. രണ്ട്, കൃത്യസമയത്തുതന്നെ മറുപടി അംഗങ്ങൾക്ക് ലഭ്യമാക്കുക. ആദ്യത്തേതിൽ നാം വിജയം നേടി. ചോദ്യങ്ങളുടെ ഗുണനിലവാരം വളരെ കാര്യമായി ഉയർന്നിട്ടുണ്ട്. എന്നാൽ രണ്ടാമത്തേതിൽ ഇന്ന് നമുക്ക് വിജയിക്കാൻ കഴിഞ്ഞിട്ടില്ല അതാണ് ഇവിടെ വീണ്ടും പ്രശ്നങ്ങൾ ഉന്നയിച്ചത്. വിജയിക്കാൻ കഴിയാത്തതിന് കാരണമെന്താണെന്ന് ചെയർ പരിശോധിക്കുകയാണ്. ഇപ്പോഴും അതിന് മറുപടി കിട്ടിയിട്ടില്ല. കഴിഞ്ഞ സഭകളിൽ അതായത് ഈ പത്താം സഭയിലല്ല, അതിനു മുൻകാലങ്ങളിൽ ഒരു ദിവസം ആയിരം മുതൽ ആയിരത്തഞ്ഞൂറു ചോദ്യങ്ങൾവരെ നിയമസഭയിൽ വരാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ 150 മുതൽ 200 ചോദ്യങ്ങൾവരെ മാത്രമേ സഭയിൽ വരുന്നുള്ളൂ. ഇത്രയധികം ചോദ്യങ്ങളുടെ കുറവുണ്ടായിട്ടും കൃത്യസമയത്തുതന്നെ മറുപടി കിട്ടുന്നില്ല എന്നുള്ളത് ഖേദകരമാണ്. ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം തന്നെ നിയമസഭയ്ക്ക് ലഭ്യമാക്കി ഇതുസംബന്ധിച്ച് നിയമസഭയിൽ നാം നടത്തിയ പരിഷ്ക്കാരങ്ങൾ വിജയിപ്പിക്കുന്നതിന് അങ്ങേയറ്റത്തെ ശുഷ്ക്കാന്തി പുലർത്താൻ മന്ത്രിമാരുടെ പരിപൂർണ്ണ സഹകരണം ചെയർ അഭ്യർത്ഥിക്കുന്നു.

VI. റിപ്പോർട്ട് സമർപ്പണം

(1) കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) : സർ, 1999-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ.പി.ടി. കുഞ്ഞുമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച് സമിതിയുടെ റിപ്പോർട്ട്

ശ്രീ. ജോണി നെല്ലൂർ : സർ, ഗവണ്മെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VII. അറിയിപ്പ്

ശ്രീ. പി.സി. ജോർജ്ജിനെ സെലക്ട് കമ്മിറ്റി അംഗമായി നിയോഗിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : 1999-ലെ ഇൻഡ്യൻ ഡൈവോഴ്സ് ബില്ലിന്റെ സെലക്ട് കമ്മിറ്റി അംഗമായി നിർദ്ദേശിക്കപ്പെട്ട ശ്രീ. ടി.എസ്. ജോൺ തനിക്ക് ആരോഗ്യപരമായ കാരണങ്ങളാൽ പ്രസ്തുത കമ്മിറ്റിയിൽ അംഗമായി തുടരാൻ ബുദ്ധിമുട്ട് ഉള്ളതുകൊണ്ട് ശ്രീ.പി.സി. ജോർജ്ജിനെ പകരം നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. നേരത്തെ ഒരു ഭേദഗതി വരുത്തി ശ്രീ. ടി.എം. ജേക്കബിനു പകരം ശ്രീ. ജോണി നെല്ലൂരിനെ ഉൾപ്പെടുത്തുകയുണ്ടായി. തുടർന്നുള്ള ഒരു ഭേദഗതി അംഗീകരിക്കുന്ന പക്ഷം ശ്രീ. ടി.എസ്. ജോണിന് പകരം ശ്രീ. പി.സി. ജോർജ്ജിനെ കമ്മിറ്റി അംഗമായി ഉൾപ്പെടുത്താൻ സഭയുടെ അനുവാദം ചോദിക്കുന്നു. സഭയുടെ അനുമതിയോടുകൂടി 1999-ലെ ഇൻഡ്യൻ ഡൈവോഴ്സ് (കേരള അമന്റ്മെന്റ്) ബില്ലിന്റെ സെലക്ട് കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly